"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- മലപ്പുറം മൊറയൂർ വി.എച്ച്.എം.എച്ച്.എസ്.എസ്-ലെ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) അധ്യാപകനായ ശ്രീ.നിജു കേളോത്തിന്റെ റിവിഷൻ ഹർജി തീർപ്പാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.3384/2022/GEDN തീയതി,തിരുവനന്തപുരം, 03-06-2022

പരാമർശം:- 1. ശ്രീ.നിജു കേളോത്തിന്റെ 10/09/2018 ലെ റിവിഷൻ ഹർജി

2. 15/01/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇഎം2/8675/2019/ഡി.ജി.ഇ നമ്പർ റിപ്പോർട്ട്

ഉത്തരവ്

മലപ്പുറം മൊറയൂർ വി.എച്ച്.എം.എച്ച്.എസ്.എസ്-ലെ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) അധ്യാപകനായ ശ്രീ.നിജു കേളോത്തിന്റെ 1.6.2009 മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിക്കണമെന്ന ആവശ്യവുമായി പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. മലപ്പുറം മൊറയൂർ വി.എച്ച്.എം.എച്ച്.എസ്.എസ്-ലെ ശ്രീ.നൗഷറുൽ അമീൻ എന്ന അദ്ധ്യാപകനെ അധിക എച്ച് എസ്സ് ടി (ഹിന്ദി) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയതു മുഖേനയുണ്ടായ ഒഴിവിൽ 12/02/2009 മുതൽ ശ്രീ.നിജുകേളോത്തിനെ മാനേജർ നിയമിച്ചു. അധിക തസ്തികയിലെ നിയമനങ്ങൾക്ക് നിരോധനം നിലവിലുണ്ടായിരുന്നതിനാൽ സ്ഥാനക്കയറ്റനിയമനവും ഹർജിക്കാരന്റെ നിയമനവും അംഗീകരിച്ചില്ല. പിന്നീട് അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ഹർജിക്കാരന്റെ നിയമനം 01/06/2011 മുതൽ അംഗീകരിച്ചിരുന്നുവെന്നും സ്കൂൾ മാനേജർ 10/10 പ്രകാരമുള്ള ബോണ്ട് 20/1/2011 ൽ സമർപ്പിച്ചതിനാലും ഹർജി നമ്പർ 2701/2011 മേലുള്ള 22/2/2011 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും അധിക തസ്തികയിലെ എച്ച് എസ് ടി (ഹിന്ദി) സ്ഥാന കയറ്റ നിയമനം 12/2/2009 മുതൽ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ചതിനാലും സ്ഥാനക്കയറ്റത്തെ തുടർന്നുണ്ടായ ഒഴിവിൽ നടത്തിയ ശ്രീ.നിജു കേളോത്തിന്റെ നിയമനത്തിന് ഒഴിവ് സ്പഷ്ടമായതിനാലും മാനേജർ ബോണ്ട് വച്ചതിനാലും ശ്രീ നിജു കേളോത്തിന്റെ നിയമനം നിരസിക്കാനുണ്ടായ കാരണം നിലനില്ക്കുന്നില്ല എന്നും ആയതിനാൽ ടിയാന്റെ 1/6/2009 മുതൽ നിയമനാംഗീകാരം ലഭിക്കണമെന്ന ആവശ്യം പരിഗണനാർഹമാണെന്നും പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. അധിക തസ്തികയിലെ എച്ച് എസ് ടി (ഹിന്ദി) സ്ഥാന കയറ്റ നിയമനം 12/2/2009 മുതൽ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ചതിനാലും സ്ഥാനക്കയറ്റത്തെ

തുടർന്നുണ്ടായ ഒഴിവിൽ നടത്തിയ ശ്രീ.നിജു കേളോത്തിന്റെ നിയമനത്തിന് ഒഴിവ് സ്പഷ്ടമായതിനാലും മാനേജർ ബോണ്ട് വച്ചതിനാലും ശ്രീ.നിജു കേളോത്തിന്റെ 1.6.2009 മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ മലപ്പുറം മൊറയൂർ വി.എച്ച്.എം.എച്ച്.എസ്.എസ്-ലെ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) അധ്യാപകനായ ശ്രീ.നിജുകേളോത്തിന്റെ 1.6.2009 മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം

ശ്രീ.നിജു കേളോത്ത്, ജൂനിയർ ലാംഗ്വേജ് (ഹിന്ദി) അധ്യാപകൻ,
വി.എച്ച്.എം.എച്ച്.എസ്.എസ്, മൊറയൂർ, മലപ്പുറം

മാനേജർ/ഹെഡ് മാസ്റ്റർ, വി.എച്ച്.എം.എച്ച്.എസ്.എസ്, മൊറയൂർ, മലപ്പുറം- 673 642
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by Mini.t.r.
Date: 03-06-2022 16:39:32
സെക്ഷൻ ഓഫീസർ